# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 818

30/06/2015-ൽ മറുപടിക്ക്

## ഡ്രഗ്സ് കൺട്രോൾ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഡ്രഗ്സ് കൺട്രോൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ഉപകരണങ്ങളെല്ലാം പ്രവർത്തനക്ഷമമാണോ ; അഡ്മിനിസ്ട്രേറ്റീവ് അനുമതി ലഭിച്ച മുഴുവൻ ഉപകരണങ്ങളും അവർ വിതരണം ചെയ്തിട്ടുണ്ടോ ; | എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ യന്ത്രോപകരണങ്ങളെല്ലാം പ്രവർത്തനക്ഷമമാണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്കായി യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ഭരണാനുമതി ലഭിച്ച 6,30,30,000/- രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിരുന്നു. അതിൽ 4,95,63,371/- രൂപയുടെ യന്ത്രോപകരണങ്ങൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ഉപകരണങ്ങൾ വാങ്ങുവാനുള്ള നടപടികൾ പൂർത്തീകരിക്കുവാൻ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) 2013, 2014 എന്നീ വർഷങ്ങളിൽ ആകെ എത്ര മരുന്നുസാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി | ബി) 2013 വർഷത്തിൽ 190 മരുന്നു സാമ്പിളുകളും 2014 വർഷം 126 മരുന്നു സാമ്പിളുകളും ഗുണനിലവാരമില്ലാത്തതായി കണ്ടെ |

| | |
|---|---|
| കണ്ടെത്തിയിട്ടുണ്ട്; ഇവയിൽ എത്ര പ്രോസിക്യൂഷൻ എടുത്തിട്ടുണ്ട്; | ത്തിയിട്ടുണ്ട്. ഇവയിൽ 2013-ൽ 21 മരുന്ന് ഉൽപ്പാദകർക്കെതിരെയും 2014-ൽ 29 മരുന്നു ഉൽപ്പാദകർക്കെതിരെയും പ്രോസിക്യൂഷൻ ആരംഭിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് മരുന്ന പരിശോധനക്കായി എത്ര പുതിയ ലാബുകൾ ആരംഭിച്ചിട്ടുണ്ട്? | തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും അടുത്ത കാലത്തായി എറണാകുളത്ത് പ്രവർത്തനമാരംഭിച്ച റീജീയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ളത്. കോഴിക്കോട്, തൃശൂർ, കോന്നി എന്നിവിടങ്ങളിൽ മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ